## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1069 | | 30.09.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **മാലിന്യ നീക്കം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | കൊച്ചിൻ കോർപ്പറേഷൻ കക്കൂസ് മാലിന്യം നീക്കം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ദിവസേന 100$m^3$ കക്കൂസ് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുവാൻ ഉതകുന്ന രീതിയിലുള്ള ഒരു പ്ലാന്റ് കെ.എസ്.യു.ഡി.പി യുടെ നേതൃത്വത്തിൽ ബ്രഹ്മപുരത്ത് സ്ഥാപിച്ചു. ഈ പ്ലാന്റിലേക്ക് 100$m^3$ (ഏകദേശം ഇരുപത് ടാങ്കർ ലോഡ്) സെപ്റ്റേജ് സ്ഥിരമായി ലഭ്യമാക്കുന്നതിനായി 11-11-2015-ലെ സർക്കാർ ഉത്തരവ് നം.3310/2015/തസ്വഭവ അനുശാസിക്കുന്ന പ്രകാരം ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഡിസംബർ 2015 മുതൽ സ്ഥിരമായി സെപ്റ്റേജ് ടി പ്ലാന്റിൽ എത്തിക്കുന്ന ചുമതല ക്ലീൻ കേരള കമ്പനി ലിമിറ്റഡ് നിർവ്വഹിച്ചു വരുന്നു. |
| (ബി) | ഇതിനായി വാഹനങ്ങൾക്ക് പാസ് നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ എത്ര വാഹനങ്ങൾക്കാണ് നിലവിൽ പാസ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ഡിസംബർ 2015 മുതൽ മൂന്ന് മാസത്തേക്ക് 20 ടാങ്കറുകൾക്കും തുടർന്ന് മാർച്ച് 22, 2016 മുതൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ നിർദ്ദേശ പ്രകാരം പത്ത് മുതൽ പന്ത്രണ്ട് ടാങ്കറുകൾക്കും സെപ്റ്റേജ് എത്തിക്കുന്നതിനായി താത്കാലിക പാസുകൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | പാസ് നല്കുന്ന വാഹനങ്ങൾക്ക് കക്കൂസ് മാലിന്യം നീക്കം ചെയ്യുന്നതിനായി കോർപ്പറേഷൻ വാർഡുകൾ തിരിച്ച് നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വാഹനങ്ങൾക്ക് ഏതെല്ലാം വാർഡുകളാണ് നല്കിയിട്ടുള്ളതെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | വാർഡുകൾ തിരിച്ച് നല്കിയിട്ടില്ല. |
| (ഇ) | മാലിന്യം എവിടെ നിക്ഷേപിക്കുന്നതിനാണ് ഈ വാഹനങ്ങൾക്ക് അനുമതി നല്കിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ? | (ഇ) | ബ്രഹ്മപുരത്ത് സ്ഥാപിച്ചിട്ടുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുവാനാണ് ടാങ്കറുകൾക്ക് അനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ